LIBRARY ARCHIVES Kerala Legislative Assembly

## കൺസ്യൂമർഫെഡ് സബ്സിഡി

147 (532) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിടപെടലിന്റെ ഭാഗമായി കൺസ്യൂമർഫെഡ് സബ്സിഡി നൽകി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തുക സാധാരണഗതിയിൽ വിപണിയിടപെടലിന് പര്യാപ്തമായ തരത്തിലാണോ;

(സി) മുൻകാലങ്ങളിൽ നിന്നും കൂടുതൽ തുക സബ്സിഡി നൽകിയാൽ മാത്രമേ സാധാരണക്കാരന് പ്രയോജനകരമായ തരത്തിൽ വിപണിയിടപെടലിന് സാദ്ധ്യമാകൂ എന്ന് ബോദ്ധ്യമുണ്ടോ;

(ഡി) കൺസ്യൂമർഫെഡ് നൽകിയ സഹായം പര്യാപ്തമല്ലാത്തതിനാൽ സബ്സിഡി തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ?

ഉത്തരം

(എ) പൊതുവിപണി ഇടപെടലിന്റെ ഭാഗമായി കൺസ്യൂമർഫെഡ് സബ്സിഡി നൽകി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ 279.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പര്യാപ്തമായ തരത്തിലാണ്.

(സി&ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നൽകിയ 117.71 കോടി രൂപയുടെ സബ്സിഡി പര്യാപ്തമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഈ സർക്കാരിന്റെ കാലയളവിൽ 279.50 കോടി രൂപ സബ്സിഡിയിനത്തിൽ കൺസ്യൂമർഫെഡിന് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്.

## കൺസ്യൂമർഫെഡിലെ നിയമനം

148 (533) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ നിയമനത്തിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിൽ 3989 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നിയമന രീതി | എണ്ണം |
|---|---|
| സ്ഥിരം (ആശ്രിത നിയമനം) | 9 |
| ദിവസക്കൂലി | 3714 |
| കരാർ അടിസ്ഥാനം | 266 |

നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥിരം (ആശ്രിത നിയമനം):

വിദേശമദ്യ ഷോപ്പുകളിലെ മരണമടഞ്ഞ അബ്കാരി തൊഴിലാളികളുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 10-7-2008-ലെ ഇഎം(3)38770/07 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സെയിൽസ് ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

ദിവസക്കൂലി:

ഓരോ യൂണിറ്റുകളും തുടങ്ങുന്ന സന്ദർഭങ്ങളിൽ ആ യൂണിറ്റിലേക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ എണ്ണം ജീവനക്കാരെ അതാത് ജില്ലകളിലെ ഡയറക്ടർമാരുമായും പ്രാദേശിക ജനപ്രതിനിധികളുമായും കൂടിയാലോചിച്ച് പ്രാദേശിക പ്രാതിനിധ്യത്തിന് മുൻഗണന നൽകി അർഹതയും യോഗ്യതയും ഉറപ്പുവരുത്തി ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നൽകിയത്.

കരാറടിസ്ഥാനം :

സർക്കാർ നയത്തിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അതിനനുസൃതമായി കൂടുതൽ ജീവനക്കാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

**സംസ്ഥാന സഹകരണ ബാങ്കുകളിലെ ക്ലാർക്ക് ഗ്രേഡ് I ഒഴിവുകൾ**

149 (534) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലേക്ക് 5-10-2012-ൽ നിലവിൽ വന്ന ക്ലാർക്ക് ഗ്രേഡ് -I പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

GPM. 2/237/2020-32

LIBRARY ARCHIVES Kerala Legislative Assembly